**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 801** **10-06-2021 - ൽ മറുപടിയ്ക്ക്**

**കയപ്പനച്ചി -കുന്നംചിറ -ചുണ്ടയിൽ -പുതിയങ്ങാടി റോഡിന്റെ ഭേദഗതി നാദാപുര**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | നാദാപുരം മണ്ഡലത്തിലെ കിഫ്ബി മുഖേനെ പ്രഖ്യപിക്കപ്പെട്ട കായപ്പനച്ചി-കുന്നം ചിറ -ചുണ്ടയിൽ -പുതിയങ്ങാടി റോഡിന്റെ പേരിൽ ഉള്ള ഭേദഗതി വരുത്തുവാൻ നാളിതുവരെ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | കായപ്പനച്ചി കുന്നംചിറ ചൂണ്ടയിൽ പുതിയങ്ങാടി റോഡിന്റെ പേരിൽ ഭേദഗതി വരുത്തി കായപ്പനച്ചി കുന്നംചിറ മീശമുക്ക് പുതിയങ്ങാടി(എടച്ചേരി) എന്നാക്കി മാറ്റുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരികയാണ്. |
| (ബി) | മേൽ പ്രവർത്തിയുടെ തൽസ്ഥിതി വിശദമാക്കാമോ; | (ബി) | പ്രവൃത്തിയുമായി ബന്ധപ്പെട്ട് 2018-ൽ ഇൻവെസ്റ്റിഗേഷൻ സർവ്വേ ആരംഭിച്ചെങ്കിലും ചൂണ്ടയിൽ മുതൽ പുതിയങ്ങാടി വരെയുള്ള ഭാഗത്ത് പുനരുദ്ധാരണത്തിന് ആവശ്യമായ സ്ഥലം ലഭ്യമാക്കാത്തതിനാൽ ഇൻവെസ്റ്റിഗേഷൻ സർവ്വേ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല. |
| (സി) | പ്രവർത്തിയുടെ പേരിൽ ചുണ്ടയിൽ ഭാഗം ഒഴിവാക്കി പുതിയങ്ങാടിയുടെ 150 മീറ്റർ അകലെ ഉള്ളതായ ഏടച്ചേരി എന്നാക്കിയുള്ള ഭേദഗതി വരുത്തുവാൻ ഉടൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (സി) | ഇതു സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ